# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ റിട്ട.റവന്യൂ ഇൻസ്പെക്ടർ ശ്രീ.കെ.കെ.രവീന്ദ്രനാഥിന്റെ പെൻഷൻ ആനുകൂല്യത്തോടൊപ്പം അനുവദിച്ച നൽകിയിരുന്ന മെഡിക്കൽ അലവൻസ് നിർത്തലാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1836/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം: 04/07/2018

പരാമർശം:- 1) 04/10/2002 തീയതിയിലെ സർക്കുലർ നം.68/2002/ധന.

2) ശ്രീ.കെ.കെ.രവീന്ദ്രനാഥിന്റെ (റിട്ട.റവന്യൂ ഇൻസ്പെക്ടർ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ) 15/11/2017 തീയതിയിലെ അപേക്ഷ.

3) കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 19/12/2017 തീയതിയിലെ എം.ഒ.എ 5-41691/17 നമ്പർ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 25/01/2018 തീയതിയിലെ പി2/524/18 നമ്പർ കത്ത്.

5) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/03/2018 തീയതിയിലെ കെ.എസ്.എ-2738/ആർ.1/2018 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 30/01/2007 ൽ വിരമിച്ച ശ്രീ.കെ.കെ.രവീന്ദ്രനാഥ് തന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും പെൻഷൻ ആനുകൂല്യത്തോടൊപ്പം അനുവദിച്ച് നൽകിയിരുന്ന മെഡിക്കൽ അലവൻസ് നിർത്തലാക്കണമെന്നും തന്റെ ഭാര്യ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരിയായതിനാൽ ചികിത്സയ്ക്ക് ആവശ്യമായ ചെലവ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക ലഭിക്കുമെന്നും ആയതിനാൽ പെൻഷനോടൊപ്പം അനുവദിക്കുന്ന മെഡിക്കൽ അലവൻസ് റദ്ദ് ചെയ്യണമെന്നും രേഖപ്പെടുത്തി ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) ശ്രീ.കെ.കെ.രവീന്ദ്രനാഥിന്റെ (റിട്ട.റവന്യൂ ഇൻസ്പെക്ടർ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ) പ്രതിമാസ പെൻഷനോടൊപ്പം അനുവദിച്ചുവരുന്ന മെഡിക്കൽ അലവൻസ് കുടിശ്ശിക സംബന്ധിച്ചോ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ചോ പിന്നീട് അവകാശം ഉന്നയിക്കുകയില്ലെന്ന ടിയാന്റെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി നിലവിലുള്ള മെഡിക്കൽ അലവൻസ് നിറുത്തലാക്കുവാൻ അനുവാദം നൽകാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.കെ.കെ.രവീന്ദ്രനാഥിന്റെ (റിട്ട.റവന്യൂ ഇൻസ്പെക്ടർ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ) പ്രതിമാസ പെൻഷനോടൊപ്പം അനുവദിച്ചുവരുന്ന മെഡിക്കൽ അലവൻസ് കുടിശ്ശിക സംബന്ധിച്ചോ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ചോ പിന്നീട് അവകാശം

ഉന്നയിക്കുകയില്ലെന്ന ടിയാന്റെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ടിയാന്റെ പെൻഷൻ ആനുകൂല്യത്തോടൊപ്പം അനുവദിച്ചു നൽകിയിരുന്ന മെഡിക്കൽ അലവൻസ് നിർത്തലാക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡീഷണൽ സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
ശ്രീ.കെ.കെ.രവീന്ദ്രനാഥിന്റെ (റിട്ട.റവന്യൂ ഇൻസ്പെക്ടർ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ)
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ